LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നിശ്ചയമായും സ്വീകരിക്കും. ഭവനനിർമ്മാണ പദ്ധതികളുടെ മുഖ്യ ഏജൻസി ഭവനനിർമ്മാണ വകുപ്പും ഭവനനിർമ്മാണ ബോർഡുമാണ്. പക്ഷേ നമ്മുടെ സ്കീമുകൾ കൺട്രോൾ ചെയ്യുന്നത് വിവിധ വകുപ്പുകളാണ്. എസ്.സി./എസ്.ടി. വിഭാഗം, ഫിഷറീസ് ഡിപ്പാർട്ടുമെന്റ്, ഗ്രാമവികസന വകുപ്പ് ഇങ്ങനെ വിവിധ മേഖലകളിലായി കിടക്കുകയാണ്. അതുകൊണ്ട് ഇതുസംബന്ധിച്ച് ഒരു കോ-ഓർഡിനേഷൻ വേണമെന്നുപറഞ്ഞ അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുന്നു. നിശ്ചയമായും അതിനുള്ള നടപടികൾ സ്വീകരിക്കും.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ബഹുമാനപ്പെട്ട എ. കെ. ബാലൻ, അങ്ങ് ഞാൻ പറഞ്ഞത് മനസ്സിലാക്കാത്തതുകൊണ്ടാണ്. നേരത്തേ ധനകാര്യവകുപ്പിൽ നിന്നും പണം കിട്ടാൻ പ്രയാസം ഉണ്ടായതുകൊണ്ട് ഗ്രാമവികസന വകുപ്പ് ഹഡ്കോയെ സമീപിച്ചു. ഹഡ്കോ വായ്പയായി 650 കോടിരൂപ അനുവദിച്ചു. അനുവദിച്ചപ്പോൾ ആ ലോൺ അവെയിൽ ചെയ്യേണ്ട, ധനകാര്യവകുപ്പ് നൽകാമെന്ന് പറഞ്ഞു. 500 കോടിരൂപ ധനകാര്യവകുപ്പ് അനുവദിച്ചു. 300 കോടിരൂപ നൽകി. ബാക്കി ഉടനെ ലഭിക്കും. അതുകൊണ്ടാണ് ഹഡ്കോയിൽ നിന്നുള്ള ലോൺ വേണ്ടെന്നുവച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് നിയമസഭയിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള മൂന്ന് ബില്ലുകളുണ്ട്, മൂന്ന് ധനകാര്യബില്ലുകളുണ്ട്, സ്റ്റാറ്റ്യൂട്ടറി പ്രമേയമുണ്ട്. അതുകൊണ്ട് സബ്മിഷനുകൾ വളരെ ചുരുങ്ങിയ സമയം ഉപയോഗിച്ച് അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രദ്ധിക്കണം.

IV. സബ്മിഷൻ

(1) ചേരിനിവാസികളുടെ കരം സ്വീകരിക്കൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരളത്തിലെ പല വില്ലേജ് ഓഫീസുകളും മുമ്പ് കരം സ്വീകരിച്ചുകൊണ്ടിരുന്ന ഭൂമിയുടെ കരം സ്വീകരിക്കുന്നത് നിർത്തിവച്ചിരിക്കുകയാണ്. ഇതിന് പല കാരണങ്ങളാണ്

വില്ലേജ് ഓഫീസുകളിൽ നിന്ന് സാധാരണക്കാർക്ക് ലഭിക്കുന്നത്. ഈ സമ്മേളനത്തിൽത്തന്നെ 6-12-2015-ൽ എന്റെ മണ്ഡലമായ മലമ്പുഴയിലെ പുതുപ്പരിയാരം പഞ്ചായത്തിൽപ്പെട്ട ഭൂമിയുടെ കരം സ്വീകരിക്കാത്ത നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അത് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കാമെന്ന് അദ്ദേഹം സഭയിൽ വ്യക്തമാക്കിയിരുന്നു. സെക്രട്ടറിയേറ്റിന് തൊട്ടുതാഴെ പാളയം വാർഡിൽ ലെനിൻ നഗറിലും വിഘ്നേശ്വര നഗറിലും ഉൾപ്പെട്ട 81 കുടുംബങ്ങളുടെ കരം 2008-വരെ സ്വീകരിച്ചിരുന്നു. അതിനുശേഷം കരം സ്വീകരിക്കുന്നില്ല. 1981-ൽ നായനാർ സർക്കാർ 51 കുടുംബങ്ങൾക്കും 1993-ൽ കരുണാകരൻ സർക്കാർ 30 കുടുംബങ്ങൾക്കും പട്ടയം നൽകിയതാണ്. റീസർവ്വേയിൽ സംഭവിച്ച എന്തോ പിഴവാണെന്നാണ് ഇതിനുകാരണമായി പറയുന്നത്. വർഷങ്ങളായി അവിടെ താമസിക്കുന്ന ഇവർക്ക് ഭൂമി വിൽക്കാനോ മക്കൾക്ക് നൽകാനോ ഭൂമി ഈടുവച്ച് ലോൺ എടുക്കാനോ കഴിയാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് ഇവരുടെ കരം സ്വീകരിക്കുന്നതിനുള്ള നടപടികളുണ്ടാകണമെന്ന് ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, തൈക്കാട് വില്ലേജിൽ റീസർവ്വേ ബ്ലോക്ക് 9-ൽ റീ-സർവ്വേ നമ്പർ 84-ൽ 54.7 ആർ സ്ഥലവും ബ്ലോക്ക് 16-ൽ റീസർവ്വേ 86-ൽ 95.50 ആർ സ്ഥലവും ഉൾപ്പെട്ടതാണ് പാളയം വാർഡിലെ ലെനിൻ നഗറിലും വിഘ്നേശ്വര നഗറിലും ഉൾപ്പെട്ട പരാമർശ വിധേയമായ സ്ഥലം. ടി സ്ഥലത്ത് താമസിക്കുന്ന 81 കുടുംബങ്ങൾക്ക് പട്ടയം ലഭിച്ച പ്രകാരം തൈക്കാട് വില്ലേജിൽ റീ-സർവ്വേ നിലവിൽ വന്ന 2008-വരെ കരം അടച്ച് വന്നിരുന്നതാണ്. എന്നാൽ റീ-സർവ്വേ കഴിഞ്ഞ് റിക്കാർഡുകൾ നിലവിൽ വന്നപ്പോൾ ഈ സ്ഥലം പുറമ്പോക്ക് ആയി രേഖപ്പെടുത്തി വന്നതിനാലാണ് 2008-നുശേഷം കരം അടയ്ക്കാൻ സാധിക്കാതെ വന്നത്. റീസർവ്വേ ബ്ലോക്ക് 9-ൽപ്പെട്ട സ്ഥലം പുറമ്പോക്കായും ബ്ലോക്ക് 16-ൽപ്പെട്ട സ്ഥലം കുളം പുറമ്പോക്കായും രേഖപ്പെടുത്തിയിരിക്കുന്നു. ഈ വിഷയം തന്നെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ എന്റെ ശ്രദ്ധയിൽ കൊണ്ടു വന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് ഒരു നിർദ്ദേശം നേരത്തേ കൊടുത്തിരുന്നു. പുറമ്പോക്കിൽ നിന്നും ഇനം മാറ്റി റിക്കോർഡുകളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് കരം എടുക്കുന്നതിനുള്ള നടപടികൾ എത്രയും വേഗത്തിൽ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly